# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2732** **07.12.2018-ൽ മറുപടിയ്ക്ക്**

**വാരപ്പെട്ടി പഞ്ചായത്തിലെ ഇഞ്ചൂരിൽ പട്ടികവർഗ്ഗ വിഭാഗം കുട്ടികൾക്കായി മോഡൽ റസിഡൻസ് സ്കൂൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ആന്റണി ജോൺ | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| ചോദ്യം | | മറുപടി | |
| എ) | കോതമംഗലം മണ്ഡലത്തിൽ വാരപ്പെട്ടി പഞ്ചായത്തിലെ ഇഞ്ചൂരിൽ 6 ഏക്കറിൽ അധികം വരുന്ന സർക്കാർ വക സ്ഥലത്ത് പട്ടികവർഗ്ഗ വിഭാഗം കുട്ടികൾക്കായി ഒരു മോഡൽ റസിഡൻസ് സ്കൂൾ നിർമ്മിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | പ്രസ്തുത സ്ഥലം പട്ടിക വർഗ്ഗ വകുപ്പിന് വിട്ടുകിട്ടുന്നത് ഉൾപ്പെടെ ഈ സ്ഥലത്ത് മോഡൽ റസിഡൻസ് സ്കൂൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | ബി) & സി) | കോതമംഗലം താലൂക്കിൽ വാരപ്പെട്ടി പഞ്ചായത്തിലെ ഇഞ്ചൂരിൽ 125/1 എ/36-5/125/1 എ/37-6, 125/1 എ/8-2 സർവേ നമ്പരുകളിൽപ്പെട്ട 6 ഏക്കർ 33 സെന്റ് സ്ഥലം മോഡൽ റസിഡൻഷ്യൽ സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിന് അനുയോജ്യമാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് ടി സ്ഥലം പട്ടികവർഗ്ഗ വികസന വകുപ്പിന് വിട്ടു കിട്ടുന്നതിന് എറണാകുളം ജില്ലാകളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| സി) | പ്രസ്തുത സ്ഥലത്ത് മോഡൽ റസിഡൻസ് സ്കൂൾ സ്ഥാപിച്ചാൽ കോതമംഗലം മണ്ഡലത്തിൽ ആദിവാസി കോളനികളിലെ കുട്ടികൾക്കും, അടിമാലി അടക്കമുള്ള സമീപ പ്രദേശങ്ങളിലെ പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികൾക്കുമെല്ലാം പ്രയോജനം ലഭിക്കുന്നതിനാൽ പ്രസ്തുത സ്ഥലത്ത് മോഡൽ റസിഡൻസ് സ്കൂൾ സ്ഥാപിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ